പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 927 | 30/10/2019 ൽ മറുപടിക്ക്

## കന്നുകട്ടി പരിപാലന പദ്ധതി

ചോദ്യം | മറുപടി

**ശ്രീ.പി.ഉബൈദുള്ള:**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കന്നുകട്ടി പരിപാലന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ എത്ര കർഷകരാണ് അംഗങ്ങളായിട്ടുള്ളത് ; എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും; വ്യക്തമാക്കുമോ; | എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കന്നുകട്ടി പരിപാലന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ **11458** കർഷകരാണ് അംഗങ്ങളായിട്ടുള്ളത്. ഇത്രയും കർഷകർക്കും കന്നുകട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| ബി) | പ്രളയത്തിനുശേഷം കാലിത്തീറ്റ ലഭിക്കാത്തതു മൂലം ജില്ലയിൽ പദ്ധതി അവതാളത്തിലായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | പ്രളയത്തിന് ശേഷം കേരള ഫീഡ്സ് യഥാസമയം പൂർണ്ണമായും കാലിത്തീറ്റ വിതരണം നടത്താത്തതിലുള്ള ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ഓഗസ്റ്റ് മാസത്തിൽ ജില്ലയിൽ 172 ക്ഷീരോല്പാദക സംഘങ്ങളിൽ 141 എണ്ണത്തിൽ തീറ്റ വിതരണം നടത്തിയിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ വിതരണം നടത്തിയിട്ടില്ല.തീറ്റ വിതരണം പുനസ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| സി) | കന്നുകാലി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പദ്ധതി കാര്യക്ഷമതയോടുകൂടി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ ? | സി) | കന്നുകാലി കർഷരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പദ്ധതി കാര്യക്ഷമതയോടു കൂടി നടപ്പാക്കുവാനും വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ